Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 11.3.2017

കൊച്ചി: സാമൂഹ്യനീതി നേടിയെടുക്കുന്നതിൽ രാഷ്ട്രീയപാർട്ടികളും മത-സാമൂഹിക പ്രസ്ഥാനങ്ങളും കൈകോർക്കണമെന്ന് സി.പി.ഐ. ദേശീയനേതാവ് പന്ന്യൻ രവീന്ദ്രൻ ആവശ്യപ്പെട്ടു. ഇന്ത്യയിലെ പരമ്പരാഗത ജാതിവ്യവസ്ഥ സ്വാതന്ത്ര്യത്തിനുശേഷവും ജനങ്ങളെ ശ്രേണിവല്ക്കരിച്ചിരിക്കുകയാണ്. അതിന്റെ ദുരന്തങ്ങൾ ഇന്ത്യൻ സമൂഹം മുഴുവനും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വാളയാറിലും കൊച്ചിയിലും ഉണ്ടായ സംഭവങ്ങളിൽ പോലീസുകാരനു സസ്പെൻഷൻ നല്കിയതുകൊണ്ടോ, സ്ഥലം മാറ്റിയതുകൊണ്ടോ പ്രശ്നം അവസാനിപ്പിക്കരുത്. പോലീസ് ഉൾപ്പെട്ട ഗൂഢാലോചനക്കേസ് രജിസ്റ്റർ ചെയ്യണം. കേരള കാത്തലിക് ഫെഡറേഷന്റെ 20-ാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സാമൂഹ്യനീതി സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു പന്ന്യൻ രവീന്ദ്രൻ. സമ്മേളനം കെസിബിസി അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു. സാമൂഹ്യനീതി എല്ലാ ജനങ്ങൾക്കും ലഭ്യമാക്കുന്നതിൽ തടസ്സമായി നില്ക്കുന്ന സാമൂഹ്യ യാഥാർത്ഥ്യങ്ങളെ സത്യസന്ധമായി സമീപിക്കുകയും, ജനങ്ങൾ വിവിധ കാരണങ്ങളാൽ വിഭജിക്കപ്പെട്ടിരിക്കുന്നതിന്റെ ഏറ്റവും പ്രബലമായ കാരണം കണ്ടെത്തി പരിഹാരം കാണുന്നതിന് ഇഛാശക്തിയോടുകൂടി തുറന്ന സമീപനം ആവശ്യമാണെന്ന് ഉറപ്പാക്കുവാൻ ഭരണസംവിധാനത്തിന് കഴിയേണ്ടതുണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് വിഷയാവതരണം നടത്തി.ശ്രീ. വി.വി. അഗസ്റ്റിമെൻ, ആന്റണി നൊറോണ, പി.കെ. ജോസഫ്, മോൻസൺ കെ. മാത്യു, ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**മോൻസൺ കെ.മാത്യു**
ജനറൽ സെക്രട്ടറി, കെസിഎഫ്.

ഫോട്ടോ മാറ്റർ: പിഒസിയിൽ കേരള കാത്തലിക് ഫെഡറേഷന്റെ നേതൃത്വത്തിൽ നടന്ന സാമൂഹ്യനീതി സമ്മേളനത്തിൽ ശ്രീ. പന്ന്യൻ രവീന്ദ്രൻ പ്രസംഗിക്കുന്നു. ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ, പി.കെ. ജോസഫ്, ടോമിച്ചൻ അയ്യർകുളങ്ങര, ഫാ. വർഗീസ് വള്ളിക്കാട്ട്, അഡ്വ. വത്സാ ജോൺ, ശ്രീമതി സെലിൻ സിജോ, ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, അഡ്വ. ലാലു ജോൺ, ഷാജി ജോർജ്, വി.വി. അഗസ്റ്റിൻ, ആന്റണി നൊറോണ എന്നിവർ സമീപം